# പള്ളികഥകൾ

## മിനികഥകൾ എന്തു്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ കഥ പറയാൻ പോകുന്നു അത് കേട്ടെഴുതാൻ തുടങ്ങുന്നു എന്നെല്ലാം കേട്ടപ്പോൾ ഈ ലോകം മുഴുവൻ പാട്ടായി നമ്മുടെ അച്ചന്മാരെക്കുറിച്ച് ഇല്ലാ കഥകളും കെട്ടുകഥകളും ഉണ്ടാക്കാൻ പോകുന്നു എന്നെല്ലാം. അന്നു മുതൽ എല്ലാവരും സശ്രദ്ധം ഈ പള്ളികഥകൾ വായിക്കാൻ തുടങ്ങി. എന്നാൽ അവർ ഉദ്ദേശിച്ചതുപോലെയൊന്നും ഇതുവരെ വായിക്കാൻ സാധിച്ചില്ല. എന്നാൽ ഇന്നത്തെ കഥ വായിച്ചു കഴിയുമ്പോൾ ഒരു പക്ഷേ ആരും നെറ്റി ചുളിക്കുകയോ ദീർഘശ്വാസം വിടുകയോ ചെയ്യരുത്.

# വികൃതികുട്ടനച്ചൻ

കുട്ടൻ അച്ചനായതിനു ശേഷം ഇപ്പോൾ അമേരിക്കയിൽ ആണ്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ മലയാളികളാണെങ്കിലും അദ്ദേഹം ജനിച്ചത് കേരളത്തിന് വെളിയിലും ഇന്ത്യയ്ക്കകത്തുമാണ്. ആകെ കൂടെയുള്ള ഏക മകനെ കുട്ടാ, കുട്ടാ എന്നു വിളിച്ച് ഓമനപേരും ചെല്ല പേരുമെല്ലാമായി ഇപ്പോൾ അറിയപ്പെടുന്നത് കുട്ടനച്ചനെന്നാണ്. അതൊന്നും അദ്ദേഹത്തിന് യാതൊരു പ്രശ്നമല്ല.

ഓർമ്മ വെച്ച നാൾ മുതൽ അദ്ദേഹത്തിന് ഒരച്ചനാകണമെന്നാണ് ആഗ്രഹം. ഒരച്ചനെ കാണുമ്പോൾ ആളുകൾ കയ്യും കൂപ്പി ഓഛാനിച്ചു നിൽക്കുന്നതും എല്ലായിടത്തും ഏറ്റവും മാന്യമായ ഇരിപ്പടം കിട്ടുന്നതും എല്ലാവരുടേയും നേതാവായി നടക്കുന്നതുമെല്ലാം ശൈശവ പ്രായം മുതൽ കൊതിപ്പിച്ചതാണ്.

അങ്ങിനെ പഠിച്ച് പഠിച്ച് കോളേജ് വിദ്യാഭ്യാസം കൂടെ കഴിഞ്ഞപ്പോൾ സെമിനാരിയിൽ പോകാൻ ആഗ്രഹിച്ചു. കേരളത്തിന് അകത്തും പുറത്തുമായുള്ള സഭയുടെ സിമിനാരിയിലെങ്ങും പ്രവേശനം കിട്ടിയില്ല. വിട്ടു കൊടുത്തില്ല. സ്റ്റുഡന്റു വിസാ തരപ്പെടുത്തി അമേരിക്കയിലെത്തി വർഷങ്ങളോളം തിയോളജി പഠിച്ചു. അക്കൂട്ടത്തിൽ തന്നെ സുറിയാനിയും പഠിച്ചു. പഠിക്കാൻ പോയപ്പോൾ മുതൽ താടി മീശയും വളർത്തി. വെളുത്തു് നീക്കോലിയായിരിക്കുന്ന കുട്ടൻ താടിമീശ കൂടെ വെച്ചപ്പോൾ ഒന്നുകൂടെ യോഗ്യനായി.

അദ്ദേഹം പോയിടത്തെല്ലാം അദ്ദേഹത്തെ പരിചയമുള്ള ആരെയെങ്കിലും കാണാനിടയാകും. കാണുന്നവരെല്ലാം “കുട്ടാ, ഇതെന്താ താടിയെല്ലാം വെച്ച്, അച്ചനാകാൻ പോകുകയാണോ” എന്ന് തമാശ പറഞ്ഞാൽ, ഉരുളക്കുപ്പേരി പോലെ “അല്ല, ഞാൻ തിരുമേനിയാകാൻ പോകയാണ്” എന്ന് മറുപടി കൊടുത്തു കൊടുത്ത് “കുട്ടൻതിരുമേനി” എന്ന അപര നാമം കൂടെ പെട്ടന്ന് കിട്ടി. നമ്മുടെ മലയാളികൾക്ക് ഈ ഇരട്ട പേരിടാൻ വളരെ സാമർത്ഥ്യമാണല്ലോ.

കുട്ടൻ തിയോളജി പഠിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ പല അച്ചന്മാരും ബ്രദർ കുട്ടനെ പള്ളിയിലേക്ക് ക്ഷണിക്കുകയും അവിടെയെല്ലാം സമർത്ഥമായ പ്രസംഗങ്ങൾ പറയുകയും എല്ലായിടത്തു നിന്നും ചില്ലറകൾ കിട്ടാനും തുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ നല്ല അർത്ഥവ്യാപ്തിയുള്ളതും കേൾക്കാൻ വളരെ ഇമ്പവും കമ്പവും ഉള്ളതായിരുന്നു. മറ്റെല്ലാവരും പറഞ്ഞിട്ടുള്ള വിഷയം തന്നെയാണെങ്കിലും അതെല്ലാം പുതുമയാന്ന വിധത്തിലും തരത്തിലും തമാശയുമെല്ലാം ഉൾക്കൊള്ളിച്ച് അവതരിപ്പിക്കും.

ഒരിക്കൽ അദ്ദേഹം അമേരിക്കയിലെ തന്നെ ഒരച്ചന്റെ വീട്ടിൽ വാരാന്ത്യത്തിൽ എത്തിയപ്പോൾ സഭയിലെ ഒരു മെത്രാച്ചനേയും കൂട്ടി ആ സ്ഥലത്തെ പ്രായമുള്ള സഭയിലെ തന്നെ ഒരംഗം ചെന്നപ്പോൾ വളരെ ഭവ്യതയോടെ സ്വീകരിച്ചു. ബ്രദർ കുട്ടനോട് പട്ടം കിട്ടി അമേരിക്കയിൽ വരാൻ പ്ലാനുണ്ടോ എന്നന്വേഷിച്ചപ്പോൾ യാതൊരു കാരണവശാലും വരികയില്ലന്നു പറഞ്ഞ ആൾ അച്ചനായി അവിടെ തന്നെ കൊച്ചച്ചനായി വന്നപ്പൊൾ പറഞ്ഞ മറുപടി: ഓരോ സാഹചര്യമല്ലേയെന്നായിരുന്നു; അത്ര സമർത്ഥനാണ്.

അമേരിക്കയിലെ പഠനം എല്ലാം കഴിഞ്ഞ് കേരളത്തിന് വെളിയിൽ ഇന്ത്യയിൽ തന്നെയുള്ള സെമിനാരിയിൽ ബാക്കി കൂടെ പഠിച്ച ശേഷം അച്ചനായി. എന്തായാലും അച്ചനാകുന്നതിന് മുൻപായി വീട്ടുകാർ അദ്ദേഹത്തെ വിവാഹം കഴിപ്പിച്ചു. പിന്നിടറിഞ്ഞത് വിവാഹം കഴിച്ച പെണ്ണും ഇദ്ദേഹവും വളരെ കാലമായി പ്രണയത്തിലായിരുന്നെന്നും അതൊന്നും വീട്ടുകാരെ അറിയിക്കാതെ, വീട്ടുകാർ ആലോചിച്ചുറപ്പിച്ച വിവാഹം പോലെയാക്കി തീർത്ത് മിടുക്കനാണ്. എന്തായാലും വിവാഹം കഴിച്ച പെണ്ണ് ഡോക്ടറാണ്; മൃഗഡോക്ടർ.

നമ്മുടെ കഥാനായകനെ അമേരിക്കയിലെ മെത്രാച്ചന് വളരെ ഇഷ്ടമാണ്. തന്മൂലം തൽക്കാലം ഒരു വലിയ പള്ളിയിലെ കൊച്ചച്ചനാക്കി, അസിസ്റ്റന്റ് വികാരിയായി കല്പനയും കൊടുത്താക്കി. അങ്ങിനെ കുട്ടനച്ചൻ അച്ചനായി സേവനം ചെയ്യാൻ തുടങ്ങി. പക്ഷേ, അവിടുത്തെ വല്ലച്ചൻ വലിയ മിടുക്കനായിരുന്നു: പ്രധാന കാര്യങ്ങളായ, മാമ്മോദീസാ, വിവാഹം, മരണം തുടങ്ങിയ കാര്യങ്ങളിൽ വെറും സഹ കാർമ്മികനായി കൂടെ നിർത്തുകയേ ചെയ്തിരുന്നുള്ളു. അതിൽ അദ്ദേഹത്തിന് വളരെ പരിഭവം ഉണ്ടായെങ്കിലും, ആ വിവരം നമ്മുടെ വല്ല്യച്ചൻ അറിഞ്ഞെങ്കിലും അറിയാത്ത ഭാവത്തിൽ അഭിനയിച്ചു. ഉള്ളിലുള്ള അമർഷം അടക്കി പിടിച്ച് കൊച്ചച്ചനും കഴിച്ചു.

വല്ല്യച്ചനേക്കാളും കൊച്ചച്ചന് സഭയുടെക കാര്യങ്ങൾ എല്ലാം നല്ലതു പോലെ അറിയാം. ആ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾക്കും കൊച്ചച്ചനെ വളരെ കാര്യമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ചില വികൃതികൾ മാത്രം അസഹനീയമായിരുന്നു. ഇടവകയിലെ ചെറുപ്പക്കാർക്കും കുട്ടികൾക്കും അച്ചനെ വലിയ കാര്യമാണ്. ഒരിക്കൽ അദ്ദേഹം ഇടവകയിലെ ചെറുപ്പക്കാരുമായി വോളിബോൾ കളിച്ചു കൊണ്ടിരിക്കുകയായിരുന്നു; പെട്ടന്ന് സന്ധ്യാ നമസ്ക്കാരത്തിന് വല്ല്യച്ചൻ മണിയടിച്ചു. കൊച്ചച്ചൻ നിക്കറുമിട്ടു കൊണ്ട് ഒറ്റ ഓട്ടത്തിന് പോയി ഷവ്വറും എടുത്ത ശേഷം, പെട്ടന്ന് തുവർത്തിയശേഷം ആ നിക്കറിന്റെ മുകളിൽ കറുത്ത കുപ്പായവും ഇട്ട് പോയി ആരാധനയിൽ പങ്കു ചേർന്നു. തുടന്ന് വിശുദ്ധ കുബ്ബാനയും വെച്ചിട്ട് കൊച്ചച്ചനോട് കുബ്ബാന ചൊല്ലിക്കൊള്ളാൻ ആവശ്യപ്പെട്ടു. അത് മാസത്തിലെ ആദ്യ വെള്ളിയാഴ്ച ആണ്. ഒരു മടിയും കൂടാതെ കൊച്ചച്ചൻ, ആ കറുത്ത കുപ്പായത്തിന് മേൽ വെള്ള കുപ്പയവും അതിനു മേൽ കാപ്പാ (ഓർത്തഡോക്സ് പുരോഹിതന്മാർ വിശുദ്ധ കുബ്ബാന ചൊല്ലുമ്പോൾ ധരിക്കുന്ന അംശ വസ്ത്രം)യും ധരിച്ച് ആരാധന പൂർത്തിയാക്കി. എല്ലാം കഴിഞ്ഞപ്പോൾ വല്ലച്ചൻ മനപൂർവ്വം അവിടെ നിന്നിട്ടു പോലും യാതൊരു ശങ്കയുമില്ലാതെ വസ്ത്രങ്ങൾ എല്ലാം മാറി വെറും നിക്കറും ഉടുപ്പുമിട്ട് പോയി. വേറൊരു ദുഃഖവെള്ളിയാഴ്ച കൊച്ചച്ചൻ സാധാരണ കുബ്ബാനയ്ക്കുപയോഗിക്കുന്ന കാപ്പായുടെ അക വശം പുറത്താക്കി, അതിന്റെ കറുത്ത ഭാഗമുപയോഗിച്ച് ആരാധനപൂർത്തിയാക്കി.വല്ല്യച്ചൻ ചോദിച്ചാൽ പറയാനുള്ള മറുപടി “ഇങ്ങിനെയൊന്നും പാടില്ലന്ന് ഏതെങ്കിലും കാനോനിൽ പറഞ്ഞിട്ടുണ്ടോ? എന്തായാലും വല്ല്യച്ചൻ പരസ്യമായി പേരിട്ടു “വികൃതികുട്ടനച്ചൻ” ആമ്മേൻ ജനം ചൊല്ലിയോ!